## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 608          29.7.2015 ൽ മറുപടിയ്ക്ക്

### ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" ജെയിംസ് മാത്യു<br>ശ്രീമതി.കെ.കെ.ലതിക<br>" കെ.എസ്.സലീഖ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും മുഖ്യമന്ത്രി നടത്തിയ പുതിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;<br><br>ബി) ഏതെങ്കിലും നിലയിലുള്ള പഠനം നടത്തിയതിനുശേഷമാണോ ജില്ലകളിൽ പദ്ധതി പ്രഖ്യാപനങ്ങൾ നടത്തിയത്; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ;<br><br>സി) നിലവിൽ ബജറ്റിന്റെ ഭാഗമായിട്ടുള്ളവയാണോ പ്രഖ്യാപിത പദ്ധതികൾ; എങ്കിൽ ഇത്തരത്തിൽ പ്രത്യേകമായി പ്രഖ്യാപിച്ചത് എന്തുകൊണ്ടായിരുന്നു; ഓരോ ജില്ലയിലും പ്രഖ്യാപിച്ചവ പുതിയ പദ്ധതികളാണെങ്കിൽ അവയ്ക്ക് ഫണ്ട് കണ്ടെത്തുന്നത് ഏത് രീതിയിലാണ്; വിശദമാക്കാമോ;<br><br>ഡി) പ്രസ്തുത പ്രഖ്യാപനങ്ങൾ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | എ) + ബി) +സി) + ഡി)<br>ജനസമ്പർക്ക പരിപാടികളിൽ ലഭിച്ചതുൾപ്പെടെയുള്ള വിവിധ അപേക്ഷകളും ആവശ്യങ്ങളും പരിഗണിച്ച് അതതു ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ, ജനപ്രതിനിധികൾ, ജില്ലാകളക്ടർമാർ, ബന്ധപ്പെട്ട വകുപ്പുമേധാവികൾ എന്നിവരുമായി നടത്തിയ ചർച്ചക്കുശേഷമാണ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇവയിൽ പലതും നടന്നു കൊണ്ടിരിക്കുന്നതും ബജറ്റിൽ തുക കൊള്ളിച്ചിട്ടുള്ളതുമാണ്. സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് തീരുമാനം. മറ്റു പദ്ധതികൾ വിവിധ തലങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തികരിച്ച് തീരുമാനം എടുക്കുന്നതാണ്. |

Kunjakrishnan

സെക്ഷൻ ഓഫീസർ